**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 8037 | 16/07/2014-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമ നടപടികൾ

| | | | |
|---|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി : | | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകളും പെൺ കുട്ടികളും ബലാൽസംഗത്തിനും പീഢനത്തിനും ഇരയായിട്ടുള്ള എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്യിട്ടുണ്ട്; | എ | 177 കേസ്സുകൾ റിപ്പോർട്ട് ചെയ്യിട്ടുണ്ട്. |
| ബി | ബലാൽസംഗത്തിന് ഇരയായി എത്ര പട്ടികവർഗ്ഗ സ്ത്രീകളും പെൺകുട്ടികളും ആണ് കൊല ചെയ്യപ്പെട്ടിട്ടുള്ളത്; | ബി | രണ്ട്. |
| സി | വനമേഖലയിലെ ദുർഘട ജീവിത സാഹചര്യങ്ങളാൽ സാമൂഹ്യപരമായും സാമ്പത്തികപരമായും ഏറെ അവശത അനുഭവിക്കുന്ന പട്ടികവർഗ്ഗ വിഭാഗ ത്തിൽപ്പെട്ട സ്ത്രീകളെയും പെൺകുട്ടി കളെയും ചൂഷണമുക്തമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരി ച്ചിട്ടുണ്ടോ; | സി | ഉണ്ട്. |
| ഡി | ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ? | ഡി | പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമ ങ്ങൾ/ചൂഷണങ്ങൾ തടയുന്നതിനും അവർക്ക് ലഭ്യമാകുന്ന നിയമ പരിരക്ഷകൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും ലീഗൽ സർവ്വീസ് സൊസൈറ്റി മുഖേനയും തദ്ദേശീയരായ അഭിഭാഷകരുടേയും പൊതുപ്രവർത്ത കരുടേയും സഹകരണത്തോടുകൂടിയും നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുകൂടാതെ സ്ത്രീകൾക്കെതിരെയുള്ള പീഢനങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിനായി സംസ്ഥാന വനിത കമ്മീഷൻ നിലവിലുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ ഗോത്ര വർഗ്ഗ കമ്മീഷനും പ്രത്യേക അദാലത്തുകൾ നടത്തി ഇക്കാര്യത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടി എടുത്തുവരുന്നു. ജില്ലകളിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വേണ്ടി സെമിനാറുകൾ/ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ ജില്ലാതല മോണിറ്ററിംഗ് |

| | | | |
|---|---|---|---|
| | | | കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഫീൽഡ് തലത്തിൽ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ മുഖേന സംഘടിപ്പിക്കാറുണ്ട്. എല്ലാ വർഷവും സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണ ത്തോടനുബന്ധിച്ച് ഇക്കാര്യത്തിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ച് വരുന്നുണ്ട്. 1989 ലെ പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം ശക്തമായി നടപ്പാക്കുന്നതിലൂടെ പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ അമർച്ച ചെയ്യുന്നതിന് കഴിയുന്നുണ്ട്. ടി നിയമം നടപ്പാക്കുന്നതിനും അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുന്നതിനും, അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമ സഹായം, അർഹമായ കേസ്സുകളിൽ ആശ്രിതർക്ക് സർക്കാർ ജോലി, ആശ്രിതർക്കുള്ള ധനസഹായം തുടങ്ങിയ പരിരക്ഷകളും ഈ പദ്ധതി ഉറപ്പ് വരുത്തുന്നുണ്ട്. 1989 ലെ പട്ടികജാതി/പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ അന്വേഷണം, കേസ്സുകളുടെ നടത്തിപ്പ് എന്നിവ സുഗമമാക്കുന്നതിനായി വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും, ടി കേസ്സുകളുടെ സമയബന്ധിത തീർപ്പാക്കലിന് മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും, വയനാട് ജില്ലയിലെ മാനന്തവാടിയിലും സ്പെഷ്യൽ കോടതികളും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ